ഭരണഭാഷ മാതൃഭാഷ

No.DCKTM/3703/2020/K6

കളക്ടേറ്റ്, കോട്ടയം
തീയതി : 07-09-2020

ജില്ലാ കളക്ടർ
കോട്ടയം

ജില്ലാ ഇൻഫർമേഷൻ ഓഫീസർ
കോട്ടയം

വിഷയം :- പൊതുജനപരാതി പരിഹാര അദാലത്ത് ഓൺലൈനായി നടത്തുന്നത്- അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിന് പത്രദൃശ്യമാധ്യമങ്ങളിൽ പരസ്യം നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1. സ.ഉ.(കൈ) നം.70/2020/റവന്യൂ(ജി) വകുപ്പ്, തീയതി 22.02.2020
2. സ.ഉ.നം 160/2020/റവ, തീയതി 18.06.2020

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ്-19 രോഗത്തിന്റെ പശ്ചാത്തലത്തിൽ പൊതുജനപരാതി പരിഹാര അദാലത്തുകൾ ഓൺലൈനായി നടത്തുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ **കാഞ്ഞിരപ്പള്ളി താലൂക്കിൽ 18.09.2020 തീയതിയിൽ ടി അദാലത്ത് (രണ്ടാം ഘട്ടം) നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്.** 18.09.2020 തീയതിയിൽ കളക്ടറേറ്റിൽ നിന്ന് വീഡിയോ കോൺഫറൻസിലൂടെ ജില്ലാകളക്ടർ, കാഞ്ഞിരപ്പള്ളി താലൂക്കിലെ അക്ഷയ കേന്ദ്രങ്ങൾ മുഖേനയാണ് പൊതുജനങ്ങളുടെ പരാതികൾ പരിഗണിക്കുന്നത്. ഓൺലൈൻ പരാതി പരിഹാര അദാലത്തിലേയ്ക്ക് പൊതുജനങ്ങൾക്ക് അക്ഷയകേന്ദ്രങ്ങളിൽ നേരിട്ടെത്തി പരാതികൾ ഇ-ആപ്ലിക്കേഷൻ മുഖാന്തിരം രജിസ്റ്റർ ചെയ്യാവുന്നതാണ്. **അപേക്ഷകൾ 09.09.2020 -ാം തീയതി 10.00 A.M മുതൽ 4.00 P.M വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്**.4.00 P.M ന് ശേഷം ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.

**വീടും സ്ഥലവും ലഭിക്കുന്നത് സംബന്ധിച്ച് ലൈഫ് മിഷൻ പദ്ധതി ഉള്ളതിനാലും മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായപദ്ധതി ആയ CMDRF ഉള്ളതിനാലും ടി വിഷയങ്ങൾ അദാലത്തിൽ പരിഗണിക്കുന്നതല്ല. കൂടാതെ പ്രളയ ദുരിതാശ്വാസ ധനസഹായം, റേഷൻ കാർഡ്, നിലം-തോട്ടം-പുരയിടം ഇനംമാറ്റം എന്നീ വിഷയങ്ങളും അദാലത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. നേരിൽ കേൾക്കേണ്ട പരാതികൾ വീഡിയോ കോൺഫറൻസ് മുഖാന്തിരം 18.09.2020-ാം തീയതി 11.A.M** ന് ജില്ലാ കളക്ടർ അദാലത്തിൽ കേൾക്കുന്നതാണ്. തുടർന്ന് പരാതികൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതാണ്.

വീഡിയോ കോൺഫറൻസിന്റെ സമയം അപേക്ഷകരുടെ ഫോണിൽ അറിയിക്കും. തുടർന്ന് അറിയിപ്പ് ലഭിച്ചിട്ടുള്ള അപേക്ഷകർ തങ്ങൾക്ക് നിർദ്ദേശിച്ചിരിക്കുന്ന സമയത്ത് വീഡിയോ കോൺഫറൻസിൽ പങ്കെടുക്കാൻ അക്ഷയ കേന്ദ്രങ്ങളിൽ എത്തണം. വീഡിയോ കോൺഫറൻസിൽ പങ്കെടുക്കാൻ അനുവദിച്ചിട്ടുള്ള സമയത്തു മാത്രമേ പരാതിക്കാരൻ അക്ഷയ സെന്ററിൽ എത്തുവാൻ പാടുള്ളൂ. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ നിർദ്ദേശങ്ങളും പാലിച്ചായിരിക്കും ഓൺലൈൻ പരാതി പരിഹാര അദാലത്ത് നടത്തുന്നത്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവരവരുടെ ഓഫീസുകളിൽ നിന്ന് വീഡിയോ കോൺഫറൻസിൽ പങ്കെടുക്കണം. മേൽപ്പറഞ്ഞ വിവരങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ ഒരു പരസ്യം പത്ര- ദൃശ്യ മാധ്യമങ്ങളിൽ നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി കളക്ടർ (ജനറൽ)

പകർപ്പ് : ജില്ലാ പോലീസ് മേധാവി, കോട്ടയം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
ആർ.ഡി.ഒ, കോട്ടയം
തഹസീൽദാർ, കാഞ്ഞിരപ്പള്ളി
മുൻസിപ്പൽ സെക്രട്ടറി ,ഈരാറ്റുപേട്ട
ജോയിന്റ് രജിസ്ട്രാർ, സഹകരണസംഘം, കോട്ടയം
ജില്ലാ പട്ടികജാതി വികസന ഓഫീസർ, കോട്ടയം
പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി, കാഞ്ഞിരപ്പള്ളി
ജില്ലാ സാമൂഹ്യ നീതി ഓഫീസർ, കോട്ടയം
ജില്ലാ മെഡിക്കൽ ഓഫീസർ, കോട്ടയം
ജില്ലാ ലേബർ ഓഫീസർ, കോട്ടയം
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്യൂ.ഡി (ബിൽഡിംഗ്സ്), കോട്ടയം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ, കോട്ടയം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കോട്ടയം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്യൂ.ഡി (റോഡ്സ്), കോട്ടയം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, കോട്ടയം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, കോട്ടയം
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, കോട്ടയം
അക്ഷയ കോ-ഓർഡിനേറ്റർ, കോട്ടയം
എൻ.ഐ.സി, കോട്ടയം
ജില്ലാ കളക്ടറുടെ സി.എ
എ.ഡി.എം ന്റെ സി.എ